(സി) കേസന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അന്വേഷണത്തിൽ പ്രതിയെ തിരിച്ചറിയാനുള്ള തെളിവു ലഭ്യമായിട്ടില്ല.

(ബി) ഇല്ല.

(സി) കോഴിക്കോട് റെക്രം ബ്രാഞ്ച് ഡി.വൈ.എസ്.പി.യുടെ നേതൃത്വത്തിൽ കേസ് ഊർജ്ജിതമായി അന്വേഷണം നടത്തുന്നുണ്ട്.

പ്രേമദാസന്റെ കൊലപാതകം

1082 [2006] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനതിർത്തിയിൽപ്പെട്ട കാരന്തൂരിലെ പ്രേമദാസൻ എന്നയാൾ കൊലചെയ്യപ്പെട്ടതു സംബന്ധിച്ച് ഇതിനകം എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ബി) ആരെയും അറസ്റ്റ് ചെയ്തിട്ടില്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ, ബി) പ്രേമദാസൻ മരിക്കുന്നതിനുമുൻപ് പുതിമേട്ടിൽ അപ്പുട്ടി എന്നയാൾ ടിയാനെ ടോർച്ചു കൊണ്ടടിച്ചതിന് അറസ്റ്റുചെയ്തിട്ടുണ്ട്. പ്രതികൾ ആരെല്ലാമാണെന്നുള്ള അന്വേഷണത്തിലിരിക്കുകയാൽ മറാരെയും അറസ്റ്റു ചെയ്തിട്ടില്ല.

പത്മനാഭന്റെ മരണം

1083 [2007] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മുക്കം പോലീസ് സ്റ്റേഷനതിർത്തിയിൽപ്പെട്ട മുക്കം പഞ്ചായത്തിലെ കല്ലായി എന്ന സ്ഥലത്തെ കന്നുസ് പറമ്പിൽ പത്മനാഭൻ എന്നയാളുടെ സംശയകരമായ മരണം സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തുന്നുണ്ടോ;

(ബി) പ്രസ്തുത അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) താമരശ്ശേരി സർക്കിൾ ഇൻസ്പെക്ടർ മുഖേന ഊർജ്ജിതമായ അന്വേഷണം നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly